# PUBLIC RELATIONS OFFICE (PRO)

Catholic Diocese of Mananthavady

Dwaraka, Nalloornadu P.O,
Wayanad - 670645
Tele Fax: 04935 240066 Mob: 9446030066;
Email: prodiocese@gmail.com


December 20, 2012

## ഗാഡ്ഗിൽ റിപ്പോർട്ട്: നിർദ്ദേശങ്ങൾ സമർപ്പിക്കും. വിദഗ്ദ്ധ സമിതി

ഗാഡ്ഗിൽ റിപ്പോർട്ട് റിവ്യൂ ചെയ്യുന്ന കസ്തൂരി രംഗൻ കമ്മിറ്റി മുമ്പാകെ പ്രസ്തുത റിപ്പോർട്ടിൻ മേലുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അടിയന്തിരമായി സമർപ്പിക്കാൻ മാനന്തവാടി ബിഷപ് നിയോഗിച്ച ലോക പൈതൃക പദവി പഠന സമിതി തീരുമാനിച്ചു.

ഗാഡ്ഗിൽ റിപ്പോർട്ട്, പശ്ചിമഘട്ട പ്രദേശങ്ങളിൽ വിവാദമായ സാഹചര്യത്തിൽ വിഷയത്തെക്കുറിച്ച് വസ്തുനിഷ്ഠമായ പഠനം നടത്തി യഥാർത്ഥ വസ്തുതകൾ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി മാനന്തവാടി രൂപത നിയോഗിച്ച പതിനഞ്ചംഗ വിദഗ്ദ്ധ സമിതിയുടെ പ്രഥമയോഗത്തിലാണ് ഈ തീരുമാനം എടുത്തത്.

യുനേസ്കോയുടെ ലോകപൈതൃക പദവി നിർണ്ണയം, ഇതിനു പിന്നിൽ പ്രവർത്തിച്ച സംഘടനകൾ, പശ്ചിമഘട്ട പ്രദേശങ്ങളിൽ അധിവസിക്കുന്ന ജനങ്ങൾക്ക് ഇതുമൂലമുണ്ടാകുന്ന നേട്ടങ്ങൾ, കോട്ടങ്ങൾ, ഗാഡ്ഗിൽ സമിതി നിയമനത്തിന്റെ പശ്ചാത്തലം, റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ, സമിതി നിർദ്ദേശങ്ങൾ അതേപടി നടപ്പിലാക്കിയാൽ 2030 ആകുമ്പോഴേക്കും പ്രകൃതിക്കും മനുഷ്യനും വന്യജീവികൾക്കും ഉണ്ടായേക്കാവുന്ന പ്രത്യാഘാതങ്ങൾ, കടുവ സങ്കേതം, ബഫർ സോൺ ഇവയെക്കുറിച്ചെല്ലാം സമിതി വിശദമായി പഠിച്ച് അടുത്ത മൂന്നു മാസങ്ങൾക്കുള്ളിൽ റിപ്പോർട്ട് സമർപ്പിക്കും.

ഡോ. ഫാ. തോമസ് ജോസഫ് തേരകം (ചെയർമാൻ), തോമസ് ഏറനാട്ട് (മെമ്പർ സെക്രട്ടറി), ഫാ. ലാൽ ജേക്കബ്, ഷാജൻ സെബാസ്റ്റ്യൻ, ബേബി ജെയിംസ്, ജോസ് സെബാസ്റ്റ്യൻ, കാതറിൻ ടീച്ചർ, ഡോ. ജോഷി മാത്യു, വിനയ കുമാർ, ഡോ. അനിൽ കുമാർ, ഡോ. അനിൽ സ്ക്കറിയ, കെ. ഉസ്മാൻ, ഡോ. സുനിൽ, എം. സുരേന്ദ്രൻ, വിനോദ് നെല്ലക്കൽ തുടങ്ങിയവർ അടങ്ങുന്നതാണ് വിദഗ്ധ സമിതി.



ലോക പൈതൃക പദവി വിദഗ്ദ്ധ സമിതിയുടെ പ്രഥമയോഗം ദ്വാരകയിൽ ചേർന്നപ്പോൾ.

ഡോ. ഫാ. തോമസ് ജോസഫ് തേരകം
പി.ആർ.ഒ